# Malayala Manorama
# 30 August 2018
# Thirunanamthapuram; Flood Relief

## പ്രളയം: 72 സെന്റ് ദാനം ചെയ്യാൻ കർഷകൻ

കുമളി● പ്രളയത്തിൽ വീടും സ്ഥലവും നഷ്ടമായവരെ സഹായിക്കുന്നതിന് സ്വത്തിൽ ഒരു വിഹിതം നൽകാൻ സന്നദ്ധനായി കർഷകൻ. ഒട്ടകത്തലമേട് പോളച്ചിറ ദാസ് നാരായണനാണ് സ്വന്തമായുള്ള രണ്ടരയേക്കർ സ്ഥലത്തിൽ നിന്ന് 72 സെന്റും 10,001 രൂപയും കൈമാറാൻ സന്നദ്ധത അറിയിച്ചത്.

10 വർഷമായി കൈവശമുള്ള ഭൂമിക്ക് അടുത്ത നാളിലാണ് പട്ടയം ലഭിച്ചത്.

മുൻപും ദാസ് ഭവനരഹിതർക്ക് ഭൂമി ദാനം ചെയ്തിട്ടുണ്ട്. ജീവിക്കാനുള്ള വക കൃഷിയിൽ നിന്ന് ലഭിക്കുന്നുണ്ടെന്നും മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ ലഭിക്കുന്ന മാനസിക സംതൃപ്തിയും സന്തോഷവും മതി



ദുരിതബാധിതർക്കായി നൽകാൻ

പ്പട്ടിരിക്കുന്നവർ. ച്ചു. കുട്ടനാട്ടിൽ മഹാശുചീകരണ ഗതം പുനരാരംഭിച്ചിട്ടുണ്ട്. പിച്ചപ്പോൾ ഒറ്റ വരിയായി പോകുന്ന വാഹനങ്ങൾ

## മുഖ്യമന്ത്രിയുടെ നിധിയിലേക്കു സഹായമൊഴുകുന്നു

### മാതാ അമൃതാനന്ദമയി മഠം 10 കോടി നൽകി; അദാനി ഗ്രൂപ്പ് 50 കോടി പ്രഖ്യാപിച്ചു, 25 കോടി കൈമാറി

**മനോരമ ലേഖകൻ**

തിരുവനന്തപുരം● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു മാതാ അമൃതാനന്ദമയി മഠത്തിന്റെ 10 കോടി രൂപ മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദ പുരി മുഖ്യമന്ത്രിക്കു കൈമാറി. അദാനി ഗ്രൂപ്പ് 50 കോടി രൂപ നൽകും. ആദ്യ ഗഡുവായി 25 കോടി കൈമാറി. ഗ്രൂപ്പ് ജീവനക്കാർ ഒരു ദിവസത്തെ ശമ്പളവും സംഭാവന ചെയ്യും. എച്ച്ഡിഎഫ്സി ബാങ്ക് 10 കോടി രൂപ നൽകി. 30 പ്രളയബാധിത ഗ്രാമങ്ങൾ ബാങ്ക് ഏറ്റെടുത്ത് ആരോഗ്യ കേന്ദ്രങ്ങളും വിദ്യാലയങ്ങളും പുനർനിർമിക്കുകയും നൈപുണ്യ പരിശീലനം നൽകുകയും ചെയ്യും. സ്റ്റോക് മാർക്ക

റ്റ് ഇൻവെസ്റ്ററും ചെയിൻ സ്റ്റോർ ഡി മാർട് സ്ഥാപകനുമായ രാധാകിഷൻ ദമാനി 10 കോടി രൂപ സംഭാവന ചെയ്തു.

ആക്സിസ് ബാങ്ക് അഞ്ചു കോടി രൂപയുടെ സഹായം പ്രഖ്യാപിച്ചു. ആദ്യ ഗഡുവായി രണ്ടു കോടി രൂപയുടെ ചെക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാജീവ് ആനന്ദ് മുഖ്യമന്ത്രിക്കു കൈമാറി. ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് ആദ്യഘട്ടമായി നൽകുന്ന 1.5 കോടി രൂപയുടെ ചെക്ക് മാനേജിങ് ഡയറക്ടർ സി.ജെ. ജോർജ് മുഖ്യമന്ത്രിക്കു കൈമാറി. സുസുകി മോട്ടോർസൈക്കിൾസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഒരു കോടി രൂപ നൽകി.

കുടുംബശ്രീ ഏഴു കോടി രൂപ നൽകി. മന്ത്രി എ.സി.മൊയ്തീൻ ചെക്ക് മുഖ്യമന്ത്രിക്കു കൈമാറി. 14 ജില്ലകളിലെ 43 ലക്ഷം കുടുംബശ്രീ അംഗങ്ങളുടെ ആഴ്ച സമ്പാദ്യത്തിൽ നിന്നു ശേഖരിച്ച തുകയാണിത്. ഫണ്ട് ശേഖരണത്തിനൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ രണ്ടു ലക്ഷത്തിലേറെ അംഗങ്ങൾ പങ്കെടുത്തിരുന്നു. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് മൂന്നു കോടി രൂപയും സംസ്ഥാന സഹകരണ ബാങ്ക് ഒരു കോടി രൂപയും നൽകി.

നടൻ നിവിൻ പോളി 25 ലക്ഷം രൂപ കൈമാറി. അമേരിക്കൻ മലയാളി ഫെയ്സ്ബുക് കൂട്ടായ്മ 9.8 കോടി രൂപ കൈമാറി. ഇന്ത്യൻ നാഷനൽ ലീഗ്, തിരുപ്പതി ശ്രീകാളഹസ്തി പൈപ്പ്സ് ലിമിറ്റഡ് എന്നിവ പത്തു ലക്ഷം രൂപ വീതം നൽകി. ബിഎസ്എൻഎൽ കേരള സർക്കിൾ 2.15 കോടി രൂപ നൽകി. ശ്രീധരീയം ആയുർവേദ ഗ്രൂപ്പ് 20 ലക്ഷം രൂപ നൽകി.

### ഒരു മാസത്തെ ശമ്പളവുമായി കൂടുതൽ പേർ

കൊച്ചി● അഡ്വക്കറ്റ് ജനറൽ സി.പി. സുധാകര പ്രസാദിന്റെ നേതൃത്വത്തിൽ ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു നൽകും. 1.12 കോടി രൂപയാണു നിധിയിലെത്തുക.

- സംസ്ഥാന വനിതാ കമ്മിഷനിലെ മുഴുവൻ അംഗങ്ങളും ജീവനക്കാരും ഒരു മാസത്തെ ശമ്പളം നൽകും.
- സിഐടിയു അംഗങ്ങളായ തൊഴിലാളികളും ജീവനക്കാരും ഒരു മാസത്തെ ശമ്പളം നൽകുമെന്നു സംസ്ഥാന കമ്മിറ്റി അറിയിച്ചു.
- സീമാറ്റ് കേരളയിലെ ജീവനക്കാർ ഒരു മാസത്തെ ശമ്പളം നൽകും.
- ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും ബോർഡിലെ നോൺ മിനിസ്റ്റീരിയൽ അംഗങ്ങളും ഒരു മാസത്തെ ശമ്പളം നൽകും.

### വിലാസം നൽകണം

തിരുവനന്തപുരം● ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർ മേൽവിലാസം, ഇമെയിൽ ഐഡി സഹിതം രേഖപ്പെടുത്തണമെന്ന് മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു. ധനവകുപ്പിൽ നിന്ന് രശീതി നൽകാനാണിത്. ആദായനികുതി ഇളവു ലഭിക്കാൻ രശീതി നിർബന്ധമാണ്.